# അമൃത എ-വ്യൂവിന് ഫിക്കി അവാർഡ്

കൊച്ചി > സാങ്കേതികരംഗത്തെ മികവിനുള്ള ഫിക്കി ദേശീയ അവാർഡ് അമൃത സർവകലാശാലയുടെ ഓപ്പൺ സോഴ്സ് ഇ-ലേണിങ് സൊല്യൂഷ്യൻ എ-വ്യൂവിന് ലഭിച്ചു. നിതി ആയോഗ് വൈസ് ചെയർമാൻ ഡോ. അരവിന്ദ് പനഗരിയയിൽനിന്ന് അമൃത സർവകാലാശാല ഇ-ലേണിങ് റിസർച്ച് ലാബ് ഡയറക്ടർ പ്രൊഫ. കമല ബിജ്‌ലാനി അവാർഡ് ഏറ്റുവാങ്ങി.

വിദ്യാർഥികളും അധ്യാപകരും തമ്മിലുള്ള ഓഡിയോ-വീഡിയോ സംവാദനത്തിന് സഹായിക്കുന്ന ഓൺലൈൻ വെർച്വൽ ക്ലാസ്റൂമാണ് എ-വ്യൂ. പരിശീലകന് രേഖകൾ, 3 ഡി വസ്തുക്കൾ, ഡെസ്ക്‌ടോപ്പ് ഷെയറിങ്, യു-ട്യൂബ് വീഡിയോ എന്നിവ ഈ പ്ലാറ്റ്ഫോമിലൂടെ കൈമാറാം. www.aview.com എന്ന വെബ്സൈറ്റിൽ സോഫ്റ്റ്‌വെയർ സൗജന്യമായി ലഭിക്കും.